# കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ

കെ.പി.എഫ്.സി ഭവനം, സി.വി രാമൻപിള്ള റോഡ്,
വെള്ളയമ്പലം, തിരുവനന്തപുരം, കേരള, പിൻ- 695 010
ഫോൺ:0471 2735544, ഫാക്സ്: 0471 2735599,
വെബ്സൈറ്റ്: www.erckerala.org ഇ-മെയിൽ: kserc@erckerala.org


തീയതി :19.01.2021

## പത്രക്കുറിപ്പ്

കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ മുൻപാകെ, കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷന്റെ 08.07.2019 ലെ ഉത്തരവിലെ നിർദ്ദേശപ്രകാരം Kerala State Electricity Board Limited (KSEBL) ഉം, National Thermal Power Corporation Limited (NTPC) യും തമ്മിൽ ഒത്തു തീർത്ത ധാരണപ്രകാരം 2019-20 മുതലുള്ള വാർഷിക നിശ്ചിത ചെലവ് അംഗീകരിയ്ക്കുന്നതിന് വേണ്ടിയുള്ള അപേക്ഷ കെ.എസ്.ഇ.ബി ലിമിറ്റഡ് 11.01.2021-ാം തീയതിയിൽ സമർപ്പിച്ചിട്ടുണ്ട്. ടി പെറ്റീഷൻ (ഒ.പി. നമ്പർ 02/2021) കമ്മീഷന്റെ വെബ്സൈറ്റിൽ (www.erckerala.org) ലഭ്യമാണ്. ഇതു സംബന്ധിച്ച് പൊതുജനങ്ങളുടെ സൗകര്യാർത്ഥം നേരിട്ടുള്ള ഒരു പൊതുതെളിവെടുപ്പ്, കമ്മീഷൻ 09.02.2021 തീയതി രാവിലെ 11:00 മണിയ്ക്ക് കോൺഫറൻസ് ഹാൾ, പി.ഡബ്ള്യൂ.ഡി റസ്റ്റ് ഹൗസ്, പത്തടിപ്പാലം, എറണാകുളത്തുവച്ച് നടത്തുന്നതാണ്. ടി പെറ്റീഷന്മേലുള്ള തെളിവെടുപ്പിൽ പങ്കെടുത്ത് അഭിപ്രായങ്ങളും, നിർദ്ദേശങ്ങളും സമർപ്പിക്കാൻ താല്പര്യമുള്ളവർ 05.02.2021 ഉച്ചയ്ക്ക് 12 മണിക്കു മുൻപായി കത്തു മുഖേനയോ, ഇ-മെയിൽ (kserc@erckerala.org) മുഖാന്തിരമോ പങ്കെടുക്കാനാഗ്രഹിക്കുന്നവരുടെ പേരും വിശദവിരങ്ങളും ഫോൺ നമ്പർ സഹിതം സെക്രട്ടറിയെ അറിയിക്കേണ്ടതാണ്. ടി പൊതുതെളിവെടുപ്പ് കൃത്യമായും കോവിഡ്-19 മാനദണ്ഡങ്ങളനുസരിച്ചാണ് നടത്തപ്പെടുന്നത്. എല്ലാവരും മാസ്ക്ക് ധരിച്ച് എത്തുകയും കൃത്യമായ സാമൂഹിക അകലം പാലിക്കുകയും ചെയ്യണമെന്ന് താല്പര്യപ്പെടുന്നു. കൂടാതെ തപാൽ മുഖേനയോ, ഇ-മെയിൽ മുഖേനയോ പൊതുജനങ്ങൾക്ക് അഭിപ്രായങ്ങൾ രേഖപ്പെടുത്താവുന്നതാണ്. തപാൽ മുഖേന അഭിപ്രായങ്ങൾ അയയ്ക്കുന്നവർ സെക്രട്ടറി, കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ, കെ.പി.എഫ്.സി ഭവനം, സി.വി. രാമൻപിള്ള റോഡ്, വെള്ളയമ്പലം, തിരുവനന്തപുരം 695 010 എന്ന വിലാസത്തിൽ 06.02.2021 ന് മുമ്പായി കിട്ടത്തക്ക വിധം അയയ്ക്കേണ്ടതാണ്.